# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

## 05.03.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 11.30 ന് സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന മന്ത്രിയും യോഗത്തിൽ സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.02.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013–14 വാർഷിക പദ്ധതിയിൽ ഇതുവരെ 2453 കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ അലോട്ട്മെന്റിന്റെ 61ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 69 ശതമാനവുമാണ് ചെലവഴിച്ചത്. മുൻവർഷം ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾക്ക് 38 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 46 ശതമാനവും ചെലവാണ് ഉണ്ടായത്.

ഗ്രാമപഞ്ചായത്തുകൾ 1570 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 368 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 298 കോടി രൂപയും മുനിസിപ്പാലിറ്റികൾ 218 കോടി രൂപയും കോർപ്പറേഷനുകൾ 101 കോടി രൂപയുമാണ് ഈ വർഷം ഇതേവരെ ചെലവഴിച്ചത്

**2.2** ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും സമർപ്പിച്ച റിപ്പോർട്ടുകൾ വിശദമായി ചർച്ച ചെയ്യുകയും എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ സെക്രട്ടറി, എസ്.റ്റി, വനം വകുപ്പ്, ഊർജ്ജവകുപ്പ്, ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറിമാർ പഞ്ചായത്ത് ഡയറകടർ എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എസ്.ആർ.ജി. സമർപ്പിച്ച റിപ്പോർട്ടിലെ ആഫീസ് മാറ്റം അടക്കമുള്ള നിർദ്ദേശങ്ങളിൽ വകുപ്പുതലത്തിൽ സ്വീകരിക്കാവുന്ന കാര്യങ്ങളിൽ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

**2.3** പഞ്ചായത്ത് രാജ്, പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച വിശദമായ ചട്ടങ്ങളും നടപടിക്രമങ്ങളും ഭേദഗതിക്കായി പ്രൊക്യുർമെന്റ് ചട്ടങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി.

**2.4** പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രശ്നങ്ങളും പരിപാലനത്തിന് കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ചും ഊർജ്ജമന്ത്രി, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പ്മന്ത്രിമാർ ഉൾപ്പെടുന്ന മന്ത്രിതല ചർച്ച നടത്തി തീരുമാനം കൈക്കൊള്ളേണ്ടതാണെന്നു തീരുമാനിച്ചു.

**2.5** നടപ്പുവർഷം ലോകബാങ്ക് ധനസഹായം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യപ്പെടാൻ ഇടയില്ലെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ലോകബാങ്ക് ധനസഹായം ലഭ്യമാകും എന്ന പ്രതീക്ഷയിൽ നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് മറ്റു തരത്തിലുള്ള വികസന ഫണ്ടിൽ മിച്ചമുണ്ടാകുന്ന പക്ഷം പദ്ധതി ഭേദഗതി ചെയ്ത് തുക നൽകുന്നത് അനുവദിക്കാവുന്നതാണെന്ന് തീരുമാനിച്ചു. സുലേഖ സോഫ്ട് വെയറിൽ പ്രോജക്ടുകൾ എന്റർ ചെയ്തപ്പോൾ വന്ന പിശകു കാരണം വാലിഡേഷൻ ശരിയാകാത്ത പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടു. ഐ.എ.വൈ. ഭവന പദ്ധതി, സാമൂഹ്യ സുരക്ഷാ മിഷൻ, വാട്ടർ അതോറിറ്റിയിലെ കുടിശ്ശിക തുക തിരിച്ചടയ്ക്കൽ, തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ തണൽ ഭവന പദ്ധതിയുടെ തിരിച്ചടവ്, ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ തുക തിരിച്ചടവ് എന്നിവയ്ക്ക് പ്ലാൻ ഫണ്ടിൽ മിച്ചമുള്ള തുക ഉപയോഗിക്കാവുന്നതാണെന്ന് നിശ്ചയിച്ചു. മേൽ പറഞ്ഞ കാര്യങ്ങൾക്കുവേണ്ടി മാത്രം പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാവുന്നതാണ്. ഈ സൗകര്യം ആവശ്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈനായി സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ നിർദ്ദേശിക്കുന്നതനുസരിച്ച് ഐ.കെ.എം. അതിനുള്ള സൗകര്യം ചെയ്യുന്നതാണ്. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**2.6** 2014–15–ലെ പദ്ധതി മാർഗരേഖപ്രകാരം റ്റി.എസ്.പി/എസ്.സി.പി ഫണ്ടിന്റെ 10 ശതമാനം തുക യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കണമെന്ന് (വിദേശത്ത് തൊഴിൽ ലഭ്യമാക്കൽ, വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്ക്)നിർദ്ദേശിച്ചിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നിരോധനം ഉള്ളതിനാൽ റ്റി.എസ്.പി/എസ്.സി.പി ഫണ്ടുകളുടെ 10 ശതമാനം വിനിയോഗം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്ന് സമിതി വിലയിരുത്തി. അതുപ്രകാരം താഴെപ്പറയുന്ന വിശദീകരണങ്ങൾ നൽകാൻ തീരുമാനിച്ചു.

1. എല്ലാ തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളും മാർഗനിർദ്ദേശപ്രകാരം തുക വകയിരുത്തേണ്ടതാണ്.
2. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകളിലായിരിക്കും .
3. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും ഇതുപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷകൾ സ്വീകരിക്കാവുന്നതും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഗ്രാമസഭകളുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.
4. ഈ സംവിധാനത്തിന്റെ പുരോഗതി 6 മാസം കഴിഞ്ഞ് വിലയിരുത്തുന്നതാണ്.

**2.7** മുമ്പ് എസ്.സി. വിഭാഗത്തിൽപ്പെട്ടിരുന്ന കരിമ്പാലർ, മാവിലർ തുടങ്ങിയ സമുദായങ്ങളെ സർക്കാർ ഉത്തരവിലൂടെ പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടുത്തുക യുണ്ടായി. എന്നാൽ എസ്.സി.പി/റ്റി.എസ്.പി ഫണ്ടുകളുടെ വിതരണത്തിൽ ആവശ്യമായ ഏറ്റക്കുറച്ചിലുകൾ വരുത്തിയിട്ടില്ല. അതിനാൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്ക് ലഭിച്ച എസ്.സി.പി. ഫണ്ടിൽ നിന്നും പ്രസ്തുത വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി തുക ചെലവഴിക്കുന്നതിന് അനുവാദം നൽകാൻ തീരുമാനിച്ചു.

**2.8** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി സി-ഡിറ്റിനെ പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

**2.9** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ് പണിക്ക് ടാറിന്റെ വില നൽകുന്നത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുസരിച്ച് അനുവദിക്കാവുന്നതാണന്ന് തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്**

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 വർഷത്തെ ചെലവിന്റെ അടിസ്ഥാനത്തിലാണ് (46.9%) ഷോർട്ട് ഫാൾ കണക്കാക്കിയിരിക്കുന്നതെന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 എടക്കാട് ഗ്രാമപഞ്ചായത്ത്**

തെരുവുവിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 തൃശൂർ ജില്ലാ പഞ്ചായത്ത്**

ക്ഷീര കർഷകർക്ക് കാലിത്തീറ്റ ധനസഹായം നൽകുന്നത് നിലവിലെ വ്യവസ്ഥ അനുസരിച്ച് ഗ്രാമപഞ്ചായത്തുവഴി നടപ്പാക്കാനും വിവിധ ഏജൻസികളുടെ ആകെ ധനസഹായം ഒരു ലിറ്റർ പാലിന് നാലു രൂപയിൽ കൂടുന്നില്ല എന്നുറപ്പാക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കോട്ടയം ജില്ലാ പഞ്ചായത്ത്**

പരിശീലന പരിപാടികൾ നിലവിലുള്ള മാർഗനിർദ്ദേശം അനുസരിച്ച് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

ഒരു സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച് അംഗീകരിച്ചു കഴിഞ്ഞാൽ അതിൽ മാറ്റങ്ങൾ വരുത്താൻ സാധ്യമല്ലെന്നും പ്രസ്തുത അക്കൗണ്ടിൽ ഏതെങ്കിലും തെറ്റുകൾ ഉണ്ടെന്ന് പിന്നീട് ശ്രദ്ധയിൽപ്പെട്ടാൽ അപ്പോഴത്തെ നടപ്പുവർഷത്തെ അക്കൗണ്ടിംഗ് മാത്രമേ വേണ്ട ക്രമീകരണങ്ങൾ നടത്താൻ സാധ്യമാകു എന്ന് നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കിഴുവിലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. (12825/ഡി.എ1/14/തസ്വഭവ)**

കിഴുവിലം ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നതായി അറിയിക്കുന്ന തുക ഭവന നിർമ്മാണ പദ്ധതികൾക്ക് നൽകാൻ

ബാക്കിയുണ്ടെങ്കിൽ അതിന് വിനിയോഗിക്കാനും മിച്ചമുണ്ടെങ്കിൽ ആയത് ഭൂമി വാങ്ങി നൽകുന്നതിന് വിനിയോഗിക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ലൈഫ്ലൈൻ ഫിലിം മേക്കേഴ്സ് ഫയൽ നം. (71100/എഫ്.എം.2/13/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതല്ലാതെ മറ്റ് സ്വകാര്യ ഏജൻസികളുടെ അപേക്ഷകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലെന്ന മുൻയോഗ തീരുമാനം നിലനിൽക്കുന്നതാണെന്ന് നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.69437/ഡി.എ.2/13/തസ്വഭവ)**

പാവറട്ടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കമ്പ്യൂട്ടർ പരിശീലന പരിപാടി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചാലിയാർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.12315/ഡി.എ1./തസ്വഭവ)**
**(ബഹു. എം.എൽ.എ. ശ്രീ. പി.കെ. ബഷീർ മുഖാന്തിരം സമർപ്പിച്ചത്)**

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.13017/ഡി.ഡി.2/14/തസ്വഭവ))**

വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചപോലെയുള്ള ഭേദഗതികൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.11738//ഡി.ഡി.2/14/തസ്വഭവ)**

2010-11 വർഷം റോഡ് പുനരുദ്ധാരണത്തിന് അധികമായി അനുവദിച്ച തുകയിൽ ചെലവാകാതെ ബാക്കി നിൽക്കുന്ന തുക 2013-14 വർഷം ചെലവാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൊട്ടാരക്കര വികസന പരിശീലന കേന്ദ്രം – മിനി ബസ് അറ്റകുറ്റപ്പണി സംബന്ധിച്ച് (ഫയൽ നം.69557/ഡി.ബി.3/13/തസ്വഭവ)**

പരിശീലനകേന്ദ്രത്തിലെ വാഹനം അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം എടുക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.13458/ഡി.ഡി2/14/തസ്വഭവ)**

വഴി വിളക്കുകൾ സ്ഥാപിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതല്ലാത്തതിനാൽ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.13709/ഡി.എ2/14/തസ്വഭവ)**

സ്വന്തമായി വള്ളം ഉള്ളവർക്ക് വല നൽകണമെന്ന മാർഗരേഖയിലെ വ്യവസ്ഥ പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.75339/ഡി.ഡി1/13/തസ്വഭവ)**

നബാർഡ്- ആർ.ഐ.ഡി.എഫ്. റോഡ് നിർമ്മാണവും അനുബന്ധ കേസും സംബന്ധിച്ച് പുനഃപരിശോധനാ റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 *നിലമ്പൂർ ആക്സിലറേറ്റഡ് റൂറൽ പ്രോജക്ട്***

നിലമ്പൂർ മണ്ഡലത്തിലെ നാല് പഞ്ചായത്തുകൾ ചേർന്ന് പൂക്കോട്ടുമണ്ണ പ്രദേശത്ത് 84 സെന്റ് സ്ഥലം വാങ്ങാനുള്ള ആവശ്യം വിശദമായ റിപ്പോർട്ട് ലഭ്യമാക്കി വകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മങ്കട ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ. *ശ്രീ.റ്റി.എ അഹമ്മദ് കബീർ മുഖാന്തിരം സമർപ്പിച്ചത്)***

കടന്നമണ്ണ- പള്ളിപ്പടി-സ്ക്കൂൾപ്പടി- മാട്ടുപ്പറമ്പ വഴി റോഡ് വീതി കൂട്ടുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കൊല്ലം കോർപ്പറേഷൻ**

കൊല്ലം കോർപ്പറേഷൻ വിവിധയിനം വാഹനങ്ങൾ വാങ്ങുന്നത് വാഹനം വാങ്ങൽ സംബന്ധിച്ച സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ളാലം ബ്ലോക്ക് പഞ്ചായത്ത്**

ളാലം ബ്ലോക്ക് പഞ്ചായത്ത് 2012-13 വർഷം നടപ്പിലാക്കിയ സ്ക്കൂൾ കുട്ടികൾക്കുള്ള നീന്തൽ പരിശീലനത്തിന് 259425/- രൂപ ചെലവഴിച്ചത് മേലിൽ ഇത്തരം പരിശീലന പരിപാടികൾ നടത്തരുത് എന്ന നിർദ്ദേശത്തോടെ അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.20 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2014–15 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലെ ബജറ്റ് വിഹിതത്തിലുണ്ടായ കുറവ് ധനകാര്യ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 12.03.2014 ന് രാവിലെ 8 AM ന് സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***

***(യോഗം ഉച്ചയ്ക്ക്ശേഷം 1.45ന് അവസാനിച്ചു)***